പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.31* 29.11.2018-ൽ മറുപടിയ്ക്ക്

## കാരുണ്യ ബെനവലൻറ് സ്കീമിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.പി.ജെ.ജോസഫ്<br>,, റോഷി അഗസ്റ്റിൻ<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാരുണ്യ ബെനവലൻറ് സ്കീമിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | കാര്യക്ഷമമായി നടക്കുന്നുണ്ട്.<br>വാർഷിക കുടുംബ വരുമാനം 3 ലക്ഷം രൂപയിൽ താഴെ വരുന്ന കുടുംബങ്ങളിലെ രോഗികൾക്ക് നിശ്ചിത രോഗങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള ചികിത്സകൾക്ക് സഹായം നൽകുന്നതിനാണ് കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തുന്ന കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളിൽ നിന്നുള്ള അറ്റാദായമാണ് ഇതിനായി വിനിയോഗിക്കുന്നത്. ക്യാൻസർ, ഹൃദ്രോഗം (ആൻജിയോഗ്രാം, ആൻജിയോ പ്ലാസ്റ്റി, ഓപ്പൺഹാർട്ട് ശസ്ത്രക്രിയ എന്നിവയ്ക്ക്), എന്നിവയുടെ ചികിത്സയ്ക്കും തലച്ചോർ, കരൾ എന്നിവയുടെ ശസ്ത്രക്രിയകൾ, വൃക്ക, ഹൃദയം, കരൾ എന്നിവയുടെ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ, ഡയാലിസിസ്, പെരിറ്റോണിയൽ ഡയാലിസിസ്, വൃക്കമാറ്റിവയ്ക്കലിന് ശേഷമുള്ള തുടർ ചികിത്സ, ഹീമോഫീലിയ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്ന നാഡി എന്നിവയുടെ ഗുരുതരക്ഷതങ്ങൾ, സാന്ത്വന ചികിത്സ എന്നിവയ്ക്കാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത്, വൃക്ക രോഗങ്ങൾക്ക് 3 ലക്ഷം രൂപവരെയും, ഹീമോഫിലിയയ്ക്ക് പരിധിയില്ലാതെയും മറ്റ് നിശ്ചിത രോഗങ്ങൾക്ക് 2 ലക്ഷം രൂപവരെയും എ.പി.എൽ/ബി.പി.എൽ ഭേദമെന്യേ ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ അവയവദാതാവിന് 1 ലക്ഷം രൂപയും ധനസഹായം നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ ലഭിച്ചവരുടെ എണ്ണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധനവ് വന്നിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | കാരുണ്യ ബനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ ലഭിച്ചവരുടെ എണ്ണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച വർദ്ധനവ് വന്നിട്ടുണ്ട്. 2016-17 കാലയളവിൽ 38,675 രോഗികൾക്കാണ് ധനസഹായം അനുവദിച്ചത്. എന്നാൽ 2017-18 ആയപ്പോൾ രോഗികളുടെ എണ്ണം 40,388 -ഉം 2018-19 -ൽ 21.11.2018 വരെ രോഗികളുടെ എണ്ണം 26,656 ആയി കഴിഞ്ഞിട്ടുമുണ്ട്. |
| (സി) | നിലവിൽ കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം അനുവദിക്കുന്ന പരമാവധി തുകയിൽ വർദ്ധനവ് വരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | വൃക്ക രോഗികൾക്ക് ലഭിക്കുന്ന സഹായത്തിന്റെ പരിധി 2 ലക്ഷം രൂപയിൽ നിന്നും ഈ സർക്കാർ 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവിനുള്ള പുതിയ നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ